പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2640, 17.06.2019 ൽ മറുപടിയ്ക്ക്

## പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിതരണം ചെയ്ത വൃക്ഷത്തൈകൾ

| ചോദ്യം<br>ശ്രീ. കെ.ജെ.മാക്സി | | ഉത്തരം<br>അഡ്വ.കെ.രാജു<br>( വനവും മൃഗസംരക്ഷവും മൃഗശാലകളും വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവൃത്തിക്കായി 2016 മുതൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ; | (എ) | ലോകപരിസ്ഥിതി ദിനമായ ജൂൺ 5 - ന് വർഷം തോറും സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധ സംഘടനകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ പാതയോരങ്ങൾ, പുഴയോരങ്ങൾ, കടൽത്തീരം, കനാൽബാങ്ക്, പൊതുസ്ഥാപനങ്ങളുടെ സ്ഥലങ്ങൾ തുടങ്ങിയ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവൃത്തിക്കായി 2016 മുതൽ ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. . |

| വർഷം | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016-2017 | 1017.228 |
| 2017-2018 | 779.27 |
| 2018-19 | 961.94 |
| ആകെ | 2758.438 |

<table>
<tr><td>(ബി)</td><td>ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകൾ സംബന്ധിച്ച വിശദവിവരം നൽകാമോ ;</td><td>(ബി)</td><td>സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി കേരളത്തിലെ എല്ലാം ജില്ലകളിലും വനവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മതസംഘടനകൾ, എൻ.ജി.ഒ കൾ രാഷ്ട്രീയ പാർട്ടികളുടെ സംഘടനകൾ, യുവജനസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്ത വൃക്ഷത്തൈകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>വർഷം</th><th>വിതരണം ചെയ്ത തൈകളുടെ എണ്ണം (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>2011-12</td><td>70.72</td></tr>
<tr><td>2</td><td>2012-13</td><td>88.16</td></tr>
<tr><td>3</td><td>2013-14</td><td>83.83</td></tr>
<tr><td>4</td><td>2014-15</td><td>73.14</td></tr>
<tr><td>5</td><td>2015-16</td><td>72.76</td></tr>
<tr><td>6</td><td>2016-17</td><td>64.00</td></tr>
<tr><td>7</td><td>2017-18</td><td>66.12</td></tr>
<tr><td>8</td><td>2018-19</td><td>78.15</td></tr>
</table>
</td></tr>
<tr><td>(സി)</td><td>ഇപ്രകാരം വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;</td><td>(സി)</td><td>വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് വനം വകുപ്പിന്റെയും വിവിധ ഏജൻസികളുടെയും സഹായത്തോടെ പരിശോധന നടത്തിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>എങ്കിൽ ഇപ്രകാരം ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകളിൽ എത്ര ശതമാനം നിലവിൽ അതിജീവിക്കുന്നു; വിശദാംശം വ്യക്തമാക്കാമോ ?</td><td>(ഡി)</td><td>പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ , വനംവകുപ്പ്, മറ്റു<br>വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച്<br>നടത്തി വരുന്നുണ്ട്. ഇതിനായി പൊതു<br>വിദ്യാഭ്യാസ വകുപ്പും, ഉന്നത<br>വിദ്യാഭ്യാസവകുപ്പും , തദ്ദേശ സ്വയം<br>ഭരണ വകുപ്പും എല്ലാ കൊല്ലവും<br>സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ<br>തലത്തിൽ അദ്ധ്യാപകർ, പിറ്റി.എ<br>പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി,<br>വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട<br>കമ്മിററിയും കോളേജ് തലത്തിൽ<br>പ്രിൻസിപ്പലിന്റെ പ്രതിനിധിയും,<br>പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത്<br>പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്<br>പ്രോഗ്രാം ഓഫീസർ എന്നിവർ<br>ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത്<br>തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്,<br>ക്ഷേമകാര്യസ്ഥിരം സമിതി<br>അദ്ധ്യക്ഷൻ എന്നിവരുടെ<br>നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ<br>ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന<br>പ്രതിനിധികൾ, പൊതു പ്രവർത്തകർ<br>എന്നിവർ അംഗങ്ങളായ 15 ൽ<br>കൂടാത്ത അംഗസംഖ്യയുള്ള<br>കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച<br>തൈകളുടെ നിലനിൽപ്പും വളർച്ചയും<br>വിലയിരുത്തുന്നതിനും<br>അതിജീവനശതമാനം<br>ഉറപ്പിക്കുന്നതിനും സർക്കാർ<br>നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള<br>കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും<br>സ്കൂൾ, കോളേജ് തലങ്ങളിലും<br>രൂപീകരിച്ച് നടപ്പിലാക്കാനുള്ള<br>സംവിധാനം വനം വകുപ്പ്<br>ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ<br>വിതരണം ചെയ്ത തൈകളുടെ എണ്ണം ,<br>നടീൽ, അതിജീവനം എന്നിവ<br>സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ<br>സൂക്ഷിക്കുവാൻ നിർദ്ദേശം<br>നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ<br>സോഷ്യൽ ഫോറസ്റ്റി വിഭാഗം<br>പരിശോധനാ വിധേയമാക്കി തുടർ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോട് കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016- ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ